# കേരള പൊതുമരാമത്ത് വകുപ്പ്

## റോഡ് പരിപാലന പ്രവൃത്തികൾക്കായുള്ള സ്പെഷ്യൽ റണ്ണിംഗ് കോൺട്രാക്ട് കരാർ വ്യവസ്ഥകൾ

1. കരാറുകാരൻ സ്പെഷ്യൽ കണ്ടീഷൻ വ്യവസ്ഥകൾ ശ്രദ്ധാപൂർവ്വം വായിക്കുകയും അവ നിറവേറ്റുകയും വേണം. സ്പെഷ്യൽ കണ്ടീഷൻ പാല+ിക്കാത്തവർ ടെണ്ടർ നടപടികളിൽ പങ്കെടുക്കേണ്ടതില്ല.
2. ബന്ധപ്പെട്ട ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശിക്കുന്ന പ്രകാരം സെലക്ഷൻ നോട്ടീസ് തീയതി അല്ലെങ്കിൽ അടുത്ത കരാർ അവസാനിക്കുന്ന തീയതി ഏതാണോ അവസാനം അതുമുതൽ ഒരുവർഷത്തേക്കോ അതിനു താഴെയോ ഉള്ളതാണ് റണ്ണിംഗ് കോൺട്രാക്ട്. എന്നിരുന്നാലും പ്രവൃത്തിയുടെ ഏതു ഘട്ടത്തിലും കരാർ അവസാനിപ്പിക്കാനുള്ള സ്വാതന്ത്ര്യം എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് ഉണ്ടായിരിക്കും.
3. ടെണ്ടറിൽ പങ്കെടുക്കുന്ന കോൺട്രാക്ടർ പൊതുമരാമത്ത് വകുപ്പ് നിരത്ത് പരിപാലന വിഭാഗത്തിൽ നിലവിലുള്ള റണ്ണിംഗ് കോൺട്രാക്ടർ ആണെങ്കിൽ അവർ 5 ൽ കൂടുതൽ ഡിഫാൾട്ടുകൾ ഇല്ലാതെ തൃപ്തികരമായ പെർഫോമൻസ് ആയിരുന്നു എന്ന ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പെർഫോമൻസ് സർട്ടിഫിക്കറ്റ്/ഡിഫക്ട് സർട്ടിഫിക്കേഷൻ എന്തെങ്കിലും ഉണ്ടെങ്കിൽ ടെണ്ടർ ഡോക്യൂമെന്റിന്റെ ഹാർഡ് കോപ്പി സമർപ്പിക്കുന്നതിനോടൊപ്പം ഹാജരാക്കേണ്ടതാണ്. റണ്ണിംഗ് കോൺട്രാക്ടർക്ക് കേടുപാടുകൾ തീർക്കുന്നതിൽ 5 ൽ കൂടുതൽ ഡിഫാൾട്ടുകൾ ഉണ്ടെങ്കിൽ ഈ ടെണ്ടറിൽ പങ്കെടുക്കാൻ യോഗ്യതയില്ലാതാവുകയും അവരുടെ ഓഫർ നിരസിക്കപ്പെടുകയും ചെയ്യും.
4. ടെണ്ടറിൽ പങ്കെടുക്കുന്ന കോൺട്രാക്ടർ നിലവിൽ റണ്ണിംഗ് കോൺട്രാക്ടർ അല്ലെങ്കിൽ കഴിഞ്ഞ രണ്ടു വർഷത്തിനിടെ 3 റോഡ് പ്രവൃത്തികൾ തൃപ്തികരമായി പൂർത്തിയാക്കിയതായി കാണിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിൽ കുറയാത്ത പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നുള്ള പെർഫോമൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.
5. ടെണ്ടറിൽ പങ്കെടുക്കുന്ന കോൺട്രാക്ടർ കഴിഞ്ഞ രണ്ടു വർഷമായി ഏതെങ്കിലും പൊതുമരാമത്ത് ജോലികൾ തൃപ്തികരമായി പൂർത്തിയാക്കുന്നതിൽ പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ, ഈ ടെണ്ടറിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

6. റോഡിന്റെ കേടുപാടുകൾ കണ്ടെത്തുന്നതിന് കരാറുകാരൻ സ്വന്തം ക്രമീകരണം ചെയ്യുകയും ആയത് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറെ യഥാസമയം അറിയിക്കുകയും ഉടൻതന്നെ അത് പരിഹരിക്കുകയും ചെയ്യണം.
7. റോഡിന്റെ കേടുപാടുകളെ സംബന്ധിച്ച് ഫോണിലൂടെയോ വ്യക്തിപരമായോ അറിയിപ്പ് ലഭിച്ചാൽ ആറുമണിക്കൂറിനുള്ളിൽ തന്നെ അറ്റകുറ്റപ്പണികൾ ആരംഭിക്കേണ്ടതാണ്. അടിയന്തിര സാഹചര്യത്തിൽ വകുപ്പുതല ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം അറ്റകുറ്റപ്പണികൾക്കായി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.
8. നിശ്ചിത സമയത്തിനുള്ളിൽ ജോലി ക്രമീകരിക്കുന്നതിൽ വീഴ്ച വരുത്തിയാൽ, ജോലി ഏൽപ്പിച്ച കരാറുകാരന്റെ Risk & Cost ൽ മറ്റു ഏജൻസി മുഖേന പ്രവൃത്തി ക്രമീകരിക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യം വകുപ്പുതല ഉദ്യോഗസ്ഥർക്കുണ്ട്. കേടുപാടുകൾ അറിയിച്ച് 6 മണിക്കൂറിനുള്ളിൽ സാധാരണ കേടുപാടുകൾ പരിഹരിക്കാൻ കരാറുകാരൻ പരാജയപ്പെട്ടാൽ, ആ വീഴ്ചയ്ക്ക് ആ അറ്റകുറ്റപ്പണിയുടെ 10% അല്ലെങ്കിൽ 100 രൂപ ഏതാണോ കൂടുതൽ എന്ന കണക്കിൽ പിഴ ഈടാക്കുന്നതാണ്. 12 മണിക്കൂറിനുള്ളിൽ തകരാർ പരിഹരിക്കുന്നതിൽ പരാജയപ്പെട്ടാൽ 20% അല്ലെങ്കിൽ 200 രൂപ ഏതാണോ കൂടുതൽ എന്ന കണക്കിൽ പിഴ ഈടാക്കുന്നതാണ്. 24 മണിക്കൂറിന് ശേഷവും തകരാർ പരിഹരിക്കാൻ പരാജയപ്പെടുകയാണെങ്കിൽ 50% അല്ലെങ്കിൽ 500 രൂപ ഏതാണോ കൂടുതൽ എന്ന കണക്കിൽ പിഴ ഈടാക്കുന്നതാണ്. 10 തവണയിൽ കൂടുതൽ സമയബന്ധിതമായി ജോലികൾ ക്രമീകരിക്കുന്നതിൽ കരാറുകാരൻ തുടർച്ചയായി പരാജയപ്പെടുകയാണെങ്കിൽ, കരാറുകാരന്റെ Risk & Cost ൽ പ്രവൃത്തി റദ്ദാക്കാനും പുനക്രമീകരിക്കാനും sanctioning authority ക്ക് അധികാരമുണ്ട്.
9. വകുപ്പുതല ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം രാത്രിയിലും പൊതു അവധി ദിവസങ്ങളിലും ജോലി ചെയ്യാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
10. വകുപ്പുതല ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം ആവശ്യമെങ്കിൽ ഷെഡ്യൂൾ അളവിനേക്കാൾ അധിക ഇനങ്ങളും അധിക അളവിലും ചെയ്യാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
11. അടിയന്തിര സാഹചര്യത്തിൽ കരാറുകാരൻ അറിയാതെതന്നെ ആവശ്യമെങ്കിൽ അറ്റകുറ്റപ്പണികൾക്കായി ബദൽ ക്രമീകരണങ്ങൾ ചെയ്യാൻ വകുപ്പുതല ഉദ്യോഗസ്ഥർക്ക് പൂർണ്ണ അധികാരമുണ്ട്.
12. കരാറുകാരന്റെ കീഴിലുള്ള തൊഴിലാളികൾ അതാത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നൽകുന്ന തിരിച്ചറിയൽ കാർഡ് എപ്പോഴും കരുതേണ്ടതാണ്.

13. അറ്റകുറ്റപ്പണികൾ നടത്തുന്നത് കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിനും IRC മെയിന്റനൻസ് കോഡിലുമുള്ള പ്രസക്ത ഭാഗങ്ങൾക്കും വ്യവസ്ഥകൾക്കും അനുസരിച്ചായിരിക്കണം.
14. യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ കേരള പൊതുമരാമത്ത് വകുപ്പിനുണ്ടാകുന്ന നഷ്ടവും ഉചിതമായ പിഴ സഹിതം കരാറുകാരനിൽ നിന്ന് ഈടാക്കുന്നതാണ്.
15. കരാർ കാലയളവിലുടനീളം കരാറുകാരൻ റോഡ് കുഴികളോ മറ്റ് ഉപരിതല കേടുപാടുകളോ ഇല്ലാതെ സൂക്ഷിക്കണം. കൂടാതെ റോഡിന്റെ ഉപരിതലം തകർന്നതുമൂലമുള്ള എല്ലാവിധ പ്രത്യാഘാതങ്ങൾക്കും കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.
16. കരാറുകാരനോ അവരുടെ അംഗീകൃത പ്രതിനിധിയോ ബന്ധപ്പെട്ട കാര്യാലയത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ നിന്നും നാശനഷ്ടങ്ങളുടെ/പരാതികളുടെ വിശദാംശങ്ങൾ ശേഖരിക്കണം. കൂടാതെ റോഡ് മെയിന്റനൻസ് സബ്ഡിവിഷൻ ഓഫീസുകളിൽ സൂക്ഷിക്കുന്ന രജിസ്റ്റർ പോലെ കോൺട്രാക്ടർ പരാതികളുടെയും അനുബന്ധ അറ്റകുറ്റപ്പണികളുടെയും വിശദാംശങ്ങൾ അടങ്ങിയ ഒരു പരാതി രജിസ്റ്റർ സ്വന്തമായി സൂക്ഷിക്കേണ്ടതാണ്. തീയതിയും സമയവും സഹിതമുള്ള മെയിന്റനൻസ് വിശദാംശങ്ങൾ ഉൾപ്പെടെയുള്ള പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകരിച്ചിരിക്കണം. പെർഫോർമൻസ് റിപ്പോർട്ടോടുകൂടിയ മെയിന്റനൻസ് സ്ലിപ്പ് ഓരോ 7 ദിവസത്തിലും അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിക്കുകയും ആയത് എക്സിക്യൂട്ടിവ് എഞ്ചിനീയറെ അറിയിക്കുകയും ചെയ്യണം. ഓഫീസിൽ നിന്ന് പരാതികളോ നിർദ്ദേശങ്ങളോ ഇല്ലെങ്കിൽ അസിസ്റ്റന്റ് എഞ്ചിനീയർ Nil ആയി അസൈൻമെന്റിൽ രേഖപ്പെടുത്തുകയും കരാറുകാരൻ തീയതിയും സമയവും അംഗീകരിക്കുകയും വേണം. ഏതെങ്കിലും ദിവസത്തിൽ ഈ വ്യവസ്ഥ ലംഘിച്ചാൽ കോൺട്രാക്ടർ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള ശിക്ഷകൾക്ക് ബാധ്യസ്ഥനാകും.
17. കേരള വാട്ടർ അതോറിറ്റിയുടെ ചെറിയ വാട്ടർ കണക്ഷൻ കട്ടിംഗ് അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലോ അല്ലെങ്കിൽ സ്വകാര്യ ഏജൻസികൾ മൂലമോ ഉണ്ടായ കേടുപാടുകൾ 2.50 ചതുരശ്ര മീറ്ററിൽ കൂടാത്ത വിസ്തീർണ്ണമാണെങ്കിൽ ആയത് പരിഹരിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ബന്ധപ്പെട്ട സേവനദാതാക്കളുടെ ഏജൻസികളിൽ നിന്ന് ശേഖരിക്കുന്ന റീസ്റ്റോറേഷൻ ചാർജ്ജുകൾ, പുനരുദ്ധാരണ

പ്രവൃത്തി തുകയുടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനായി റോഡ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വഴി സർക്കാർ ഖജനാവിലേയ്ക്ക് അടയ്ക്കപ്പെടും.

18. ഒരു റണ്ണിംഗ് കോൺട്രാക്ടിന്റെ കാലയളവിൽ, ബന്ധപ്പെട്ട റോഡുകളുടെ മുഴുവൻ ഉത്തരവാദിത്തവും കരാറുകാരനായിരിക്കും. എല്ലാ തകരാറുകളും സമയബന്ധിതമായി പരിഹരിക്കാനുള്ള പൂർണ്ണ ഉത്തരവാദിത്തം കരാറുകാരനാണ്.

19. റണ്ണിംഗ് കോൺട്രാക്ടിലെ മുഴുവൻ സമയത്തും കോൺട്രാക്ടർ റോഡുകൾ ഇടവിടാതെ നിരീക്ഷിക്കുകയും കേടുപാടുകൾ ഉണ്ടായാൽ ആയത് അസിസ്റ്റന്റ് എഞ്ചിനീയറെയും ഓവർസീയറെയും വിവരമറിയിച്ച ശേഷം പരിഹരിക്കുകയും വേണം. സർഫസ് ഡിഫക്ട്സ് മൂലമുള്ള ഏതു തരം റോഡ് അപകടങ്ങൾക്കും കോൺട്രാക്ടർ ഉത്തരവാദിയായിരിക്കും. മേൽപ്പറഞ്ഞ അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ അളവ്/സർട്ടിഫിക്കേഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ ത്രൈമാസ പേയ്മെന്റ് നൽകാം.

20. കേടുപാടുകൾ/അറ്റകുറ്റപ്പണികൾ നടത്തുന്നതിലെ കരാറുകാരന്റെ മോശം പ്രകടനം കേരള പൊതുമരാമത്ത് വകുപ്പ്, കരാറുകാരനുമായുള്ള ഭാവികരാറുകൾ തീർപ്പു കൽപ്പിക്കുന്നതിന് പരിഗണിക്കും.

21. നടത്തിയ ജോലിയുടെ സംഗ്രഹവും കരാർ ഷെഡ്യൂൾ പ്രകാരമുള്ള ബാക്കി അളവും കാണിക്കുന്ന, അസിസ്റ്റന്റ് എഞ്ചിനീയർ ഒപ്പിട്ട സ്റ്റേറ്റ്മെന്റ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓരോ മാസവും എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിക്കണം.

22. ഓവർസീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ഇൻസിഡന്റ് റിപ്പോർട്ട് (IR) പ്രവൃത്തി ചെയ്ത തീയതിമുതൽ 5 ദിവസത്തിനുള്ളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിക്കണം. കൂടാതെ കരാറുകാരൻ പ്രവൃത്തിയുടെ വിശദാംശങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് 5 ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. ഡിപ്പാർട്ട്മെന്റ് ഓഫീസർമാരിൽ നിന്ന് യഥാസമയം IR ലഭിച്ചില്ലെങ്കിൽ കരാറുകാരൻ സമർപ്പിച്ച IR പരിഗണിക്കും. സൈറ്റിലെ തകരാറും കരാറുകാരൻ സമർപ്പിച്ച വിശദാംശങ്ങളും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ ആയത് കരാറുകാരനിൽ നിന്ന് I R ലഭിച്ച തീയതി മുതൽ 5 ദിവസത്തിനുള്ളിൽ അസിസ്റ്റന്റ് എഞ്ചിനീയറെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയും, എക്സിക്യൂട്ടീവ് എഞ്ചിനീയറെയും അറിയിച്ചിരിക്കണം.

23. ഒരു കരാറുകാരന് നൽകിയ പ്രവൃത്തികൾ കൈമാറ്റം ചെയ്യാവുന്നതല്ല. റണ്ണിംഗ് കോൺട്രാക്റ്റിന്റെ വേളയിൽ റണ്ണിംഗ് കരാർ ജോലികൾ മറ്റൊരാളെ ഏൽപ്പിക്കുകയോ കൈമാറുകയോ ചെയ്തതായി വകുപ്പുതല ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെട്ടാൽ, ഒറിജിനൽ കോൺട്രാക്ടറുടെ റിസ്ക് & കോസ്റ്റിൽ പുതിയ കരാർ ക്രമീകരിക്കുന്നതാണ്. റണ്ണിംഗ് കോൺട്രാക്ട് കരാറിൽ ഉപകരാറോ പവർ ഓഫ് അറ്റോർണിയോ അനുവദനീയമല്ല.

24. റോഡ് കേടുപാടുകൾ ഒരിക്കൽ പരിഹരിച്ച് വീണ്ടും 6 മാസത്തിനുള്ളിൽ കേടുപാടുകൾ വന്നാൽ, അല്ലെങ്കിൽ കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ ചോർച്ച മൂലമോ മറ്റു ജോലികൾ മൂലമോ, പ്രവൃത്തിയുടെ ഗുണനിലവാരമല്ലാത്ത മറ്റ് കാരണങ്ങൾകൊണ്ടോ സംഭവിച്ച നാശനഷ്ടങ്ങൾ, കരാർ കാലാവധി കഴിഞ്ഞാലും കരാറുകാരൻ സ്വന്തം ചെലവിൽ റെക്ടിഫൈ ചെയ്യേണ്ടതാണ്.

25. കരാറുകാരന് ആവശ്യത്തിന് തൊഴിലാളികളും സൈറ്റ് ഇൻസ്പെക്ഷൻ വാഹനം ഉൾപ്പെടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ എല്ലാ ഉപകരണങ്ങളും ഉണ്ടായിരിക്കണം. ആയതിന്റെ വിശദാംശങ്ങൾ ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഡിപ്പാർട്ട്മെന്റ് കരാറുകാരന് ഡിപ്പാർട്ട്മെന്റൽ ബിറ്റുമെൻ/എമൽഷൻ നൽകുന്നതല്ല. എല്ലാ അറ്റകുറ്റപ്പണികൾക്കും കരാറുകാരൻ സ്വന്തം സാധനസാമഗ്രികൾ ഉപയോഗിക്കേണ്ടതാണ്.

26. കരാറുകാരന് സാമ്പത്തീക സ്ഥിരത ഉണ്ടായിരിക്കണം. കരാറുകാരൻ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് നിക്ഷേപിക്കുകയും കരാർ നടപ്പിലാക്കുന്നതിനുമുൻപ് കരാർ തുകയുടെ 10% നു തുല്യമായ തുകയുടെ ഇൻഡെമിനിറ്റി ബോണ്ട് ഹാജരാക്കുകയും വേണം.

27. റോഡിന്റെ കേടുപാടുകൾ, അറ്റകുറ്റപ്പണികളുടെ പുരോഗതി, അറ്റകുറ്റപ്പണിക്കു ശേഷമുള്ള റോഡ് എന്നിവയുടെ ഡിജിറ്റൽ ഫോട്ടോഗ്രാഫ് കോൺട്രാക്ടർ അസിസ്റ്റന്റ് എഞ്ചിനീയർക്ക്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കുള്ള പകർപ്പ് ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്.

28. അസിസ്റ്റന്റ് എഞ്ചിനീയർ മാസത്തിലൊരിക്കൽ കരാറുകാരനും ഓവർസിയറും ഉൾപ്പെടെ വിശദമായി സൈറ്റ് പരിശോധിക്കുകയും ബന്ധപ്പെട്ട റിപ്പോർട്ട് തയ്യാറാക്കുകയും വേണം.

29. കരാർ കാലയളവിൽ ഉണ്ടാകുന്ന ബിറ്റുമിൻ ഉൾപ്പെടെയുള്ള നിർമ്മാണ വസ്തുക്കളുടെ വിലയിൽ വരുന്ന വ്യത്യാസമോ അടങ്കൽ തുകയോ വകുപ്പ് വ്യത്യാസപ്പെടുത്തി നൽകുന്നതല്ല.

30. പൊതുമരാമത്ത് കരാർ ലൈസൻസ് ഉള്ളവർക്കേ റണ്ണിംഗ് കോൺട്രാക്ട് നൽകുകയുള്ളൂ. റണ്ണിംഗ് കോൺട്രാക്ടിന്റെ മുഴുവൻ കാലയളവിലും ലൈസൻസ് സാധുവായിരിക്കണം.

31. സ്പെഷ്യൽ കണ്ടീഷനുകൾക്കു പുറമേ ബിഡ് ഡോക്യൂമെന്റിൽ പറഞ്ഞിരിക്കുന്ന മറ്റെല്ലാ വ്യവസ്ഥകളും ബാധകമായിരിക്കും.

32. കേരള പൊതുമരാമത്ത് മാന്വലും IRC 82-2015 MORT&H Manual for Maintenance of Roads 1983, SP:35-1990 IRC:SP:77-2008, IRC SP:83 -2008 തുടങ്ങിയവയും റണ്ണിംഗ് കോൺട്രാക്ടിന് ബാധകമായിരിക്കും.

33. കേരള പൊതുമരാമത്ത് മാന്വൽ 2012 GO(P)No.3/2017/PWD dated 09/08/2017 ലെ SBD വ്യവസ്ഥകളും മേൽപ്പറഞ്ഞ വ്യവസ്ഥകൾക്കു പുറമേ പ്രസ്തുത കരാറിന് ബാധകമായിരിക്കും.